ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM

## പ്രധാനവാർത്തകൾ

DATE:04.07.2025

RNU TVPM

1. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ രണ്ട് ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ കേരളത്തിൽ എത്തും. തൃശൂരും കൊച്ചിയിലും സന്ദർശനം.
2. പാലക്കാട് സ്വദേശിയായ യുവതിക്ക് നിപ സ്ഥിരീകരിച്ചു. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യവകുപ്പ്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം
3. കോട്ടയം മെഡിക്കൽ കോളേജിലെ അപകടം ദൗർഭാഗ്യകരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷവും ബി ജെ പിയും.
4. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ.മുരുകൻ ഏകദിന സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്തെത്തും
5. വയനാട് പുനരധിവാസത്തിലെ ടൗൺഷിപ്പ് പദ്ധതി ഈ വർഷം തന്നെ പൂർത്തിയാക്കുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ.

**6. വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

**&&&&&&&&&&&&&&&&&&**

**ഉപരാഷ്ട്രപതി**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ രണ്ട് ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ കേരളത്തിൽ എത്തും. ഗുരുവായൂർ ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തും. സന്ദർശനം കണക്കിലെടുത്ത് ഗുരുവായൂരിൽ 2 മണിക്കൂർ ദർശന ക്രമീകരണം ഏർപ്പെടുത്തി. കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായി ഉപരാഷ്ട്രപതി സംവദിക്കും.

RJU TVPM

**&&&&&&&&&&&&&&&&&&**

**പാലക്കാട് കളക്ടർ (INTRO)**

സംസ്ഥാനത്ത് വീണ്ടും നിപ സ്ഥിരീകരിച്ചു. പാലക്കാട് സ്വദേശിയായ യുവതിക്കാണ് രോഗം സ്ഥിരീകരിച്ചത്.

പൊതുജനങ്ങൾ ഭയപ്പെടേണ്ട സാഹചര്യമില്ലെന്നും സാമൂഹിക അകലം പാലിച്ചാൽ മതിയെന്നും ജില്ലാ കളക്ടർ ജി. പ്രിയങ്ക അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

**വീണാ ജോർജ്-നിപ**

നിപയുമായി ബന്ധപ്പെട്ട് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. രോഗബാധിതർ പാലക്കാട്, മലപ്പുറം ജില്ലകളിലുള്ളവരാണ്. രോഗ സ്ഥിരീകരണത്തിന് മുമ്പ് തന്നെ പ്രോട്ടോക്കോൾ അനുസരിച്ച് പ്രതിരോധ നടപടികൾ ശക്തമാക്കാൻ നിർദേശം നൽകിയതായും ആരോഗ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**നിപ-ഇൻട്രോ**

പാലക്കാട് നാട്ടുകൽ സ്വദേശിനിക്ക് നിപ സ്ഥിരീകരിച്ചതോടെ പ്രദേശത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

RNU TVPM

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാടി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്............*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി-കോട്ടയം മെഡിക്കൽകോളേജ്**

കോട്ടയം മെഡിക്കൽ കോളേജിലുണ്ടായതുപോലുള്ള ദൗർഭാഗ്യകരവും വേദനാജനകവുമായ അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലും ശക്തിപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അപകടത്തിൽ മരിച്ച ബിന്ദുവിൻ്റെ കുടുംബാംഗങ്ങൾക്ക് ഉചിതമായ സഹായം നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. സർക്കാർ, ബിന്ദുവിൻറെ കുടുംബത്തിന് ഒപ്പമുണ്ടാകുമെന്ന് ആരോഗ്യമന്ത്രി മന്ത്രി വീണ ജോർജ് സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു. മന്ത്രി വി എൻ വാസവനും പ്രതിപക്ഷ നേതാവ് വി ഡി സതീശനും മരിച്ച ബിന്ദുവിൻറെ വീട് സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

**ആശുപത്രി സുരക്ഷ പദ്ധതി**

RNU TVPM

സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ ആരോഗ്യ സംവിധാനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ആശുപത്രി സുരക്ഷ പദ്ധതി അടുത്ത മാസത്തോടു കൂടി നടപ്പാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. പദ്ധതി തയ്യാറാക്കാൻ ആരോഗ്യ വകുപ്പും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും മെയ് 21ന് ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിരുന്നു. ദുരന്ത സാധ്യതാ പ്രശ്നങ്ങൾ മനസിലാക്കി ആശുപത്രികളെ തരംതിരിച്ച് പരിഹാരമാർഗം തീരുമാനിക്കുമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**പ്രതികരണം-പ്രതിപക്ഷം**

കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുണ്ടായ അപകടം ദാരുണമാണെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. ദുരന്തത്തെ തെറ്റായ പ്രചാരണത്തിലൂടെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമം നടക്കുന്നതായും ആരോഗ്യമന്ത്രി രാജി വയ്ക്കേണ്ട സാഹചര്യം നിലവിലില്ലെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യമന്ത്രിക്ക് തൽസ്ഥാനത്ത് തുടരാൻ

RNUTVPM

യോഗ്യതയില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പ്രതികരിച്ചു. സംസ്ഥാന സർക്കാരിൻറെ കുറ്റകരമായ അനാസ്ഥയാണ് കോട്ടയം മെഡിക്കൽ കോളേജ് സംഭവമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ആരോപിച്ചു.

&&&&&&&&&&&&&&&&&&

**കോട്ടയം - പ്രതിഷേധം**

കോട്ടയം മെഡിക്കൽ കോളേജ് സംഭവത്തിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രതിഷേധം ശക്തം. പത്തനംതിട്ടയിലെ മന്ത്രിയുടെ ഓഫീസിലേക്ക് ബി.ജെ.പി പ്രവർത്തകർ മാർച്ച് നടത്തി. റോഡ് ഉപരോധിച്ച പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. അതെസമയം, യൂത്ത് കോൺഗ്രസ് പ്രവർത്തകർ ആരോഗ്യ വകുപ്പ മന്ത്രിയുടെ മൈലപ്രയിലെ വസതിയിലേക്ക് മാർച്ച് നടത്തി.

&&&&&&&&&&&&&&&&&&

**എൽ. മുരുകൻ സന്ദർശനം**

RJU TVPM

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ.മുരുകൻ ഏകദിന സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്തെത്തും. ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിൻറെ 14-ാമത് ബിരുദദാന ചടങ്ങിൽ നാളെ രാവിലെ അദ്ദേഹം പങ്കെടുക്കും. കഴക്കൂട്ടം അൽ-സാജ് കൺവെൻഷൻ സെൻററിലാണ് ചടങ്ങ്. മറ്റെന്നാൾ കേന്ദ്രസഹമന്ത്രി ചെന്നൈയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

**കിരൺ റിജുജു**

2026-ലെ ഹജ്ജ് അപേക്ഷകൾ ഒരു ആഴ്ചയ്ക്കുള്ളിൽ സർക്കാർ സ്വീകരിച്ചു തുടങ്ങുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ നടന്ന ഹജ്ജ് അവലോകന യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ അപേക്ഷകരും സമയപരിധിക്കുള്ളിൽ അപേക്ഷിക്കണമെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

## വയനാട് -ഹൈക്കോടതി

വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ അടിയന്തര പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ച 120 കോടി രൂപ സംസ്ഥാന സർക്കാർ വിനിയോഗിച്ചതിനെ കുറിച്ച് കേരള ഹൈക്കോടതി ഗവർണറിൽ നിന്ന് റിപ്പോർട്ട് തേടി. ദുരന്തത്തെ തുടർന്ന് ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് പരിഗണിച്ച ഡിവിഷൻ ബെഞ്ചിൻറേതാണ് നടപടി.

&&&&&&&&&&&&&&&&&&

## വയനാട് - കെ.രാജൻ-ഇൻഡ്രോ

വയനാട് പുനരധിവാസത്തിൻറെ ഭാഗമായുള്ള ടൗൺഷിപ്പ് പദ്ധതി ഈ വർഷം തന്നെ പൂർത്തിയാക്കുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ. കൽപ്പറ്റയിൽ ടൗൺഷിപ്പ് നിർമ്മിക്കുന്ന പ്രദേശം സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് - വോയിസ്)**

&&&&&&&&&&&&&&&&&&

PNU TVPM

**മഴ**

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പുണ്ട്. ഇന്ന് കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

&&&&&&&&&&&&&&&&&&

**ഇടുക്കി വെള്ളച്ചാട്ടം-ഇൻട്രോ**

മഴക്കാലമെത്തിയാൽ ഇടുക്കി, വെള്ളച്ചാട്ടങ്ങളാൽ സമ്പന്നമാകും. മറയൂരിലേക്കും കാന്തല്ലൂരിലേക്കുമെത്തുന്ന സഞ്ചാരികൾ മഴക്കാലത്ത് കണ്ടിരിക്കേണ്ടതാണ് ഇരച്ചിൽപ്പാറ വെള്ളച്ചാട്ടം.

***ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...........***

***(വോയിസ്)***

RNUTVPM

&&&&&&&&&&&&&&&&&&

## മനുഷ്യ- വന്യജീവി സംഘർഷം നിയമനിർമ്മാണം

മനുഷ്യ- വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണെന്ന് സംസ്ഥാന സർക്കാർ എം പിമാരുടെ യോഗത്തിൽ അറിയിച്ചു. ഇത് സംബന്ധിച്ച കരട് ബിൽ നിയമവകുപ്പിൻറെ പരിഗണനയിലാണെന്നും യോഗം വ്യക്തമാക്കി. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി മുഖ്യമന്ത്രി വിളിച്ച എം പിമാരുടെ യോഗം തിരുവനന്തപുരത്താണ് ചേർന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഹൈക്കോടതി-രജിസ്ട്രാർ

കേരള സർവകലാശാല രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത നടപടിയിൽ ഹൈക്കോടതി അടിയന്തര സ്റ്റേ അനുവദിച്ചില്ല. സസ്പെൻഷൻ അടിയന്തരമായി സ്റ്റേ ചെയ്യേണ്ട സാഹചര്യം ഇപ്പോൾ ഇല്ലെന്നും വൈസ് ചാൻസലറുടെ മറുപടി ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം

എടുക്കാനാകുവെന്ന് കോടതി അറിയിച്ചു. തന്നെ സസ്പെൻഡ് ചെയ്ത വൈസ് ചാൻസലറുടെ നടപടി നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി രജിസ്ട്രാർ കെ.എസ്. അനിൽകുമാർ നൽകിയ ഹർജിയിലാണ് നിരീക്ഷണം. കേസ് കോടതി തിങ്കളാഴ്ച വീണ്ടും പരിഗണിക്കും. അതെസമയം, രജിസ്ട്രാറുടെ സസ്പെ ൻഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട്

മന്ത്രി ആർ ബിന്ദു കേരള സർവ്വകലാശാല വൈസ് ചാൻസലർക്ക് കത്തയച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

**വി ശിവൻകുട്ടി-ഗവർണ്ണറുടെ അധികാരം**

സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പത്താം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം രണ്ടാം വാല്യം പാഠപുസ്തകത്തിൽ ഗവർണ്ണറുടെ അധികാരങ്ങളും ചുമതലകളും എന്ന പാഠഭാഗം കൂടി ഉൾപ്പെടുത്തി.പുതിയ ഉൾപ്പെടുത്തലിന് മന്ത്രി വി ശിവൻകുട്ടിയുടെ

അധ്യക്ഷതയിൽ ഇന്ന് ചേർന്ന കരിക്കുലം കമ്മിറ്റി യോഗം അംഗീകാരം നൽകി. 'ജനാധിപത്യം ഒരു

ഇന്ത്യൻ അനുഭവം' എന്ന അധ്യായത്തിലാണ് പുതിയ കൂട്ടിച്ചേർക്കൽ.

&&&&&&&&&&&&&&&&&&&

## വി എസ് അച്യുതാനന്ദൻ

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലുള്ള മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻറെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. വെന്റിലേറ്റർ സഹായത്തോടെ കഴിയുന്ന അദ്ദേഹത്തെ ഡയാലിസിസ് ചികിത്സയ്ക്കും വിധേയനാക്കുന്നുണ്ടെന്നും മെഡിക്കൽ ബുള്ളറ്റിൻ അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&&

## മൻ കി ബാത് - മത്സരം

മൻ കി ബാത് താലൂക് തല മത്സരങ്ങളുടെ ഒന്നാം ഘട്ടം നാളെയും മറ്റെന്നാളും നടക്കും. മേരാ യുവ ഭാരതാണ് മൻ കി ബാത് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. താലൂക്ക് തല വിജയികൾക്ക് ഓഗസ്റ്റ് 15 ന് ന്യൂഡൽഹിയിലെ സ്വാതന്ത്ര്യ

ദിനാഘോഷങ്ങളിൽ പങ്കെടുക്കാനും ചരിത്രപ്രധാന സ്ഥലങ്ങൾ സന്ദർശിക്കാനും അവസരം ലഭിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&

&&&&

&&

&

RNU TVPM